**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1649** **19-09-2025 - ൽ മറുപടിയ്ക്ക്**

**അയിലം സ്കൂളിന് ഭൂമി അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് മണ്ഡലത്തിൽ മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അയിലം ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ അധീനതയിലുണ്ടായിരുന്ന എത്ര സെന്റ് ഭൂമിയാണ് അയിലം പാലം നിർമ്മാണത്തിന്റെ ഭാഗമായുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ചിറയിൻകീഴ് താലൂക്കിൽ മുദാക്കൽ വില്ലേജിൽ ബ്ലോക്ക് 45-ൽ റീസർവ്വേ 77/11-ൽ 20.80 ആർ ഭൂമി അയിലം ഗവൺമെന്റ് ഹൈസ്കൂളിന്റെ കൈവശമുള്ളതിൽ നിന്നും 03.30 ആർ ഭൂമി അയിലം പാലവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ഏറ്റെടുത്ത ഭൂമിക്ക് പകരമായി സ്കൂളിനോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമി സ്കൂളിന് അനുവദിച്ചു കിട്ടുന്നതിനായി വകുപ്പ് മേധാവിയുടെ അർത്ഥനാപത്രം സഹിതം ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിച്ച ഭൂമി കൈമാറ്റ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ബി) | ഏറ്റെടുത്ത ഭൂമിക്ക് പകരമായി സ്കൂളിനോട് ചേർന്നുള്ള 01.02 ആർ പുറമ്പോക്ക് ഭൂമി കൈമാറിക്കിട്ടുന്നതിനായി വകുപ്പ് മേധാവി സമർപ്പിച്ച അർത്ഥനാപത്രത്തിന്റെ അടിസ്ഥാനത്തിൽ സ.ഉ (പി) നം. 31/2018/ആർ.ഡി. തീയതി 05.06.2018 പ്രകാരം ഭൂമി കൈമാറി നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ